KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

07-01-2010

# എച്ച്ഐവിക്കും എയ്ഡ്സിനുമെതിരെ മലപ്പുറത്ത് ലൈഫ് ബസ് പര്യടനം ജനുവരി 21 മുതൽ

മലപ്പുറം: എച്ച്ഐവിക്കും എയ്ഡ്സിനുമെതിരായ ബോധവത്കരണത്തിനായി ലൈഫ് ബസ് മലപ്പുറം ജില്ലയിൽ ജനുവരി 21 മുതൽ ഫെബ്രുവരി മൂന്നു വരെ പര്യടനം നടത്തും. ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന ജില്ലാതല സംഘാടകസമിതി യോഗത്തിലാണ് ഈ തീരുമാനമെടുത്തത്.

ഒരു ബ്ലോക്കിൽ മൂന്നു ഗ്രാമപഞ്ചായത്തുകൾ എന്ന കണക്കിൽ ജില്ലയിൽ 42 പഞ്ചായത്തുകളിലാണ് ലൈഫ് ബസ് പര്യടനം നടത്തുക. ദിവസം മൂന്നു കേന്ദ്രങ്ങളിൽ ലൈഫ് ബസ് എത്തിച്ചേരും.

എച്ച്ഐവി, എയ്ഡ്സ് ബോധവത്കരണ ദൗത്യവുമായി എത്തുന്ന ലൈഫ് ബസ് എന്നു പേരിട്ടിരിക്കുന്ന ബസ് ആണ് ഈ പ്രചാരണപരിപാടിയുടെ മുഖ്യഘടകം. ഓരോ ഗ്രാമത്തിലെയും തെരഞ്ഞെടുക്കപ്പെട്ട വേദികളിൽ ബസ് എത്തുന്നതിനു മുമ്പു തന്നെ നെഹ്റു യുവകേന്ദ്രയുടെ നേതൃത്വത്തിലുള്ള കലാസംഘങ്ങൾ എത്തി കലാപരിപാടികൾ നടത്തി ജനങ്ങളെ പ്രചാരണ പരിപാടിയിലേക്ക് ആകർഷിക്കും. ബസ് എത്തിയതിനു ശേഷം കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കലാസംഘങ്ങൾ എച്ച്ഐവിയെക്കുറിച്ചും എയ്ഡ്സിനെക്കുറിച്ചും അവബോധം നൽകുന്ന വിവിധ കലാപരിപാടികൾ നടത്തും. പെൺഭ്രൂണഹത്യയ്ക്കെതിരേ പ്രതികരിക്കുന്നതിനൊപ്പം രക്തദാനത്തിന്റെ മഹത്വം, എയ്ഡ്സ് ബാധിതരോടുള്ള മനോഭാവം, അവർക്കായുള്ള സേവനകേന്ദ്രങ്ങൾ തുടങ്ങിയ കാര്യങ്ങൾ മുതൽ മുലപ്പാലിന്റെ മഹത്വം വരെ വിളിച്ചറിയിക്കുന്ന സന്ദേശങ്ങളുൾക്കൊള്ളിച്ചു കൊണ്ടുള്ളതാണ് കലാപരിപാടികൾ. തുടർന്ന് എച്ച്ഐവി അണുബാധിതനായ വ്യക്തിയുടെ അനുഭവവിവരണം. പൊതുജനങ്ങൾക്ക് ആശയവിനിമയത്തിനും അവസരമുണ്ടാകും.

എച്ച്ഐവി അണുബാധിതരോടും എയ്ഡ്സ് ബാധിതരോടുമുള്ള സാമൂഹ്യനിന്ദയും വിവേചനവും ഇല്ലാതാക്കുക, അണുബാധ ഒഴിവാക്കുന്നതിനുള്ള മാർഗങ്ങളേക്കുറിച്ച് വ്യക്തമായ ധാരണ സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ലൈഫ് ബസ് യാത്ര സംഘടിപ്പിക്കുന്നത്. മലപ്പുറത്തു കൂടാതെ വയനാട്, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിലും ലൈഫ് ബസ് പ്രചാരണ പരിപാടി നടത്തുന്നുണ്ട്.

കളക്ടറുടെ ചേംബറിൽ ചേർന്ന സംഘാടകസമിതി യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അരിമ്പ്രം മുഹമ്മദ് മാസ്റ്റർ, കളക്ടർ എം.സി. മോഹൻദാസ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ.എസ്. സുരേന്ദ്രൻ, ഡപ്യൂട്ടി ഡി.എം.ഒ മാരായ ഡോ. എ.പി. പാർവതി, ഡോ. കെ. ഷക്കീല, ആർ.സി.എച്ച് ഓഫീസർ ജോജു പോംസൺ, ജില്ലാ മാസ് മീഡിയ ഓഫീസർ ടി.എം. ഗോപാലൻ, വിവിധ സർക്കാർ വകുപ്പുകളുടെ ജില്ലാതല മേധാവികൾ, ബ്ലോക്ക് മെഡിക്കൽ ഓഫീസർമാർ, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വിവിധ സേവനകേന്ദ്രങ്ങളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയിൽ നിന്നുള്ള ജെ. ടോമി ലൈഫ് ബസ് പരിപാടിയേക്കുറിച്ച് യോഗത്തിൽ വിശദീകരിച്ചു.